നമ്പർ: 22/2021

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
ദീർഘവീക്ഷണത്തോടും ദൈവാശ്രയത്തോടും കൂടെ പരിശുദ്ധ സഭയെ നയിച്ച ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 25-ാം ഓർമ്മപ്പെരുന്നാൾ **നവംബർ 7, 8 (ഞായർ, തിങ്കൾ) തീയതികളിൽ** പ. പിതാവ് കബറടങ്ങിയിരിക്കുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ വച്ച് കോവിഡ് പ്രോട്ടോക്കോൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നടത്തപ്പെടുകയാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദരമെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. 7-ാം തീയതി ഞായറാഴ്ച വൈകിട്ട് സന്ധ്യാപ്രാർത്ഥനയിലും, 8-ാം തീയതി തിങ്കളാഴ്ച രാവിലെ വി. മൂന്നിന്മേൽ കുർബ്ബാനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം താത്പര്യപ്പെടുന്നു. പ. സഭയുടെ സ്വാതന്ത്ര്യവും സ്വയം ശീർഷകത്വവും പരിരക്ഷിക്കുന്നതിനുവേണ്ടി അങ്ങേയറ്റം പരിശ്രമിച്ച മഹാത്യാഗിയായിരുന്ന ആ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിക്കുവാൻ ഏവർക്കും കടമയുണ്ട് എന്ന് നാം പ്രത്യേകം ഓർമിപ്പിക്കുന്നു. കോവിഡ് നിയന്ത്രണങ്ങളുടെ സാഹചര്യത്തിൽ നേരിട്ട് വന്ന് പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർക്കായി ഓൺലൈൻ സംപ്രേഷണം ഉണ്ടായിരിക്കുന്നതാണ്.

വാത്സല്യ മക്കളെ,
ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ പിതാക്കന്മാരായ ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ, ബസ്സേലിയോസ് ഔഗേൻ പ്രഥമൻ, ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ എന്നീ കാതോലിക്കാ ബാവാ തിരുമേനിമാരുടെ സംയുക്ത ഓർമപ്പെരുന്നാൾ, ദേവലോകം പെരുന്നാൾ എന്ന നിലയിൽ 2022 ജനുവരി 2, 3 (ഞായർ, തിങ്കൾ) തീയതികളിൽ നടത്തപ്പെടുകയാണല്ലോ. പരിശുദ്ധ പിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാളിന്റെ നടത്തിപ്പിനെ സംബന്ധിച്ച് ആലോചിക്കുന്നതിനായി കോട്ടയം, കോട്ടയം സെൻട്രൽ, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, ചെങ്ങന്നൂർ, നിരണം എന്നീ മെത്രാസനങ്ങളിലെ പള്ളികളിലെ വൈദികരുടെയും, കൈസ്ഥാനികളുടെയും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും, താത്പര്യമുള്ള മറ്റ് വ്യക്തികളുടെയും ഒരു യോഗം **2021 നവംബർ മാസം 8-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക്** നമ്മുടെ അദ്ധ്യക്ഷതയിൽ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ വച്ച് കൂടുന്നതാണ്. ഇടവകവികാരിയും മറ്റ് ബന്ധപ്പെട്ടവരും നിർബന്ധമായും ഈ യോഗത്തിൽ വന്ന് സംബന്ധിക്കണം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...............

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ**

2021 ഒക്ടോബർ മാസം 29-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.